പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 14

# 2021-ലെ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബിൽ

(ശ്രീ. സജീവ് ജോസഫ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 14

# 2021-ലെ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബിൽ

(ശ്രീ. സജീവ് ജോസഫ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

1061/2021.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 14

# 2021-ലെ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബിൽ

(ശ്രീ. സജീവ് ജോസഫ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും ന്യായമായ വേതനവും തൊഴിൽ സുരക്ഷയും ആരോഗ്യപരിരക്ഷയും ഉറപ്പുവരുത്താൻ വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ടൂറിസ്റ്റ് ഗൈഡുമാർ, ടൂർ ഓപ്പറേറ്റർമാർ, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർ, ലൈഫ്ഗാർഡുകൾ, റിസോർട്ട്, ഹോംസ്റ്റേ, ഹോട്ടൽ, റെസ്റ്റോറന്റ്, വിനോദ സഞ്ചാരകേന്ദ്രങ്ങളോട് ചേർന്നുള്ള പ്രദേശത്തെ കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയവയിൽ ജോലിചെയ്യുന്നവർ എന്നിങ്ങനെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ന്യായമായ വേതനമോ തൊഴിൽ സുരക്ഷയോ അവർക്കും ആശ്രിതർക്കും ആരോഗ്യപരിരക്ഷയോ ഇല്ലാത്തതുമൂലം അനുഭവിക്കുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനും, ആശ്വാസം നൽകുന്നതിനും കൂടാതെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—

(എ) ഈ ആക്ടിന് '2021-ലെ വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ആക്ട്' എന്ന് പേര് പറയാം;

(ബി) ഈ ആക്ടിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്;

(സി) ഈ ആക്ടിലെ വ്യവസ്ഥകൾ സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റുവിധത്തിൽ അവശ്യപ്പെടാത്തപക്ഷം,—

(എ) 'സർക്കാർ 'എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) 'തൊഴിലാളി' എന്നാൽ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ടൂറിസ്റ്റ് ഗൈഡുമാർ, ടൂർ ഓപ്പറേറ്റർമാർ, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർ, ലൈഫ്ഗാർഡുകൾ, റിസോർട്ട്, ഹോംസ്റ്റേ, ഹോട്ടൽ, റെസ്റ്റോറന്റ്, വിനോദ സഞ്ചാരകേന്ദ്രങ്ങളോട് ചേർന്നുള്ള പ്രദേശത്തെ കച്ചവട സ്ഥാപനങ്ങൾ എന്നിങ്ങനെ ഈ മേഖലയുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു;

(സി) 'ടൂറിസ്റ്റ് ' അഥവാ 'വിനോദസഞ്ചാരി' എന്നാൽ സ്ഥിരമായി താമസിക്കുകയോ ജോലി ചെയ്യുകയോ ചെയ്യുന്ന പ്രദേശത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കുകയും, പ്രസ്തുത സഞ്ചാരം നേരിട്ടു വരുമാനം ഉണ്ടാക്കാത്തതും, സഞ്ചരിച്ചെത്തുന്ന സ്ഥലത്ത് ഇരുപത്തിനാല് മണിക്കൂറെങ്കിലും ചെലവഴിക്കുകയും ചെയ്യുന്ന ആൾ എന്നർത്ഥമാകുന്നു;

(ഡി) 'ടൂറിസ്റ്റ് ഗൈഡ്" എന്നാൽ ഒറ്റയ്ക്കും കൂട്ടമായുമുള്ള യാത്രകളിൽ, സഞ്ചാരികൾക്ക് സന്ദർശിക്കുന്ന ഇടത്തിന്റെയും, പ്രദേശത്തിന്റെയും സാംസ്കാരികവും ചരിത്രപരവും സമകാലികവുമായ വിവരങ്ങൾ നൽകുന്ന ആൾ എന്നർത്ഥമാകുന്നു;

(ഇ) 'ടൂർ ഓപ്പറേറ്റർമാർ' എന്നാൽ വിനോദസഞ്ചാരികളെ വിവിധ പ്രദേശങ്ങൾ സന്ദർശിക്കുന്നതിനും, മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള രൂപരേഖ തയ്യാറാക്കുന്ന ആൾ എന്നർത്ഥമാകുന്നു;

(എഫ്) 'ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർ' എന്നാൽ വിനോദസഞ്ചാരികളെ വിവിധ പ്രദേശങ്ങളിലേക്ക് പ്രതിഫലം വാങ്ങി വാഹനമാർഗ്ഗം എത്തിക്കുന്ന ആൾ എന്നർത്ഥമാകുന്നു;

(ജി) 'ലൈഫ് ഗാർഡുകൾ' എന്നാൽ കടൽ, നദി, തടാകം, നീന്തൽക്കുളം എന്നിവയിൽ നീന്തുന്നവരുടെ സുരക്ഷയും രക്ഷാപ്രവർത്തനവും മേൽനോട്ടം വഹിക്കുന്ന ആൾ എന്നർത്ഥമാകുന്നു;

(എച്ച്) 'വിജ്ഞാപനം' എന്നാൽ, ഈ ആക്ട് അനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഐ) 'വകുപ്പ് ' എന്നാൽ, ഈ ആക്ടിലെ ഒരു വകുപ്പ് എന്നാകുന്നു;

(ജെ) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(കെ) 'ക്ഷേമനിധി' എന്നാൽ പ്രസ്തുത ഉദ്ദേശ്യലക്ഷ്യ നിർവ്വഹണത്തിനായി സർക്കാർ രൂപീകരിക്കുന്ന ഒരു ക്ഷേമനിധി എന്നർത്ഥമാകുന്നു;

(എൽ) 'ക്ഷേമനിധി ബോർഡ്' എന്നാൽ, വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ടൂറിസ്റ്റ് ഗൈഡുമാർ, ടൂർ ഓപ്പറേറ്റർമാർ, ടൂറിസ്റ്റ് ടാക്സി ഡ്രൈവർമാർ, ലൈഫ്ഗാർഡുകൾ, റിസോർട്ട്, ഹോംസ്റ്റേ, ഹോട്ടൽ, റെസ്റ്റോറന്റ്, വിനോദ സഞ്ചാരകേന്ദ്രങ്ങളോട് ചേർന്നുള്ള പ്രദേശത്തെ കച്ചവട സ്ഥാപനങ്ങൾ എന്നീ മേഖലകളിൽ ജോലി ചെയ്യുന്നവരുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമത്തിനും മെച്ചപ്പെട്ട ജീവിത വ്യവസ്ഥയ്ക്കും വേണ്ടിയുള്ളതായ നടപടികൾ ആലോചിച്ച് കൈക്കൊള്ളുവാനും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിലേക്ക് യഥാസമയം സമർപ്പിക്കുവാനും അധികാരപ്പെട്ട കേന്ദ്രം എന്നർത്ഥമാകുന്നു;

(എം) 'അംശദായം' എന്നാൽ 6-ാം വകുപ്പ് പ്രകാരം ക്ഷേമനിധിയിലേക്ക് അടയ്ക്കേണ്ട തുക എന്നർത്ഥമാകുന്നു;

(എൻ) 'അംഗം' എന്നാൽ ഈ ക്ഷേമനിധിയിൽ വ്യവസ്ഥകൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ആൾ എന്നർത്ഥമാകുന്നു;

(ഒ) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. <u>വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി പദ്ധതി</u>.—സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഈ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ ആക്ടിനുകീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി 'കേരള സംസ്ഥാന വിനോദസഞ്ചാര മേഖലയിലെ തൊഴിലാളി ക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കേണ്ടതും പദ്ധതി ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം ഈ ആക്ടിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

4. <u>ക്ഷേമനിധിയിൽ താഴെപ്പറയുന്ന വരവ് ഉൾക്കൊള്ളിക്കേണ്ടതാണ്</u>.—

(എ) അംശദായങ്ങൾ;

(ബി) ബോർഡ് കടം വാങ്ങിയ തുക;

(സി) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം ക്ഷേമനിധിയിലേയ്ക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക.

5. <u>ക്ഷേമനിധി താഴെപ്പറയുന്ന ഏതെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്</u>.—

(എ) അവശതയോ രോഗങ്ങളോ കാരണം ജോലി ചെയ്യുന്നതിന് കഴിവില്ലാതാകുകയോ, 60 വയസ്സ് പൂർത്തീകരിക്കുകയോ ചെയ്യുന്ന ഒരംഗത്തിന് പെൻഷൻ നൽകുന്നതിന്;

(ബി) അംഗങ്ങളായ സ്ത്രീതൊഴിലാളികൾക്ക് പ്രസവാനുകൂല്യം നൽകുന്നതിന്;

(സി) അംഗങ്ങളായവരുടെ പെൺമക്കൾക്കും, സ്ത്രീകൾക്കും വിവാഹാനുകൂല്യം നൽകുന്നതിന്;

(ഡി) ചികിത്സാ സഹായം നൽകുന്നതിന്;

(ഇ) തൊഴിലാളി മരണപ്പെട്ടാൽ ആ കുടുംബത്തിന് മരണാനന്തര സഹായം നൽകുന്നതിന്;

6. <u>ക്ഷേമനിധിയിലേയ്ക്കുള്ള അംശദായം</u>.—

(എ) ക്ഷേമനിധിയിൽ അംഗമാകുന്ന ഓരോ തൊഴിലാളിയും ഓരോ മാസവും ഇരുന്നൂറ് രൂപ വീതം അംശദായം നൽകേണ്ടതാണ്.

(ബി) അംശദായം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, ഈ ആവശ്യത്തിനുവേണ്ടി ബോർഡ് അധികാരപ്പെടുത്തിയ ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ നൽകേണ്ടതാണ്.

7. <u>തിരിച്ചറിയിൽ കാർഡ്</u>.—ക്ഷേമനിധിയിൽ അംഗമാകുന്ന ഓരോ തൊഴിലാളിക്കും ബോർഡ് പ്രത്യേക തിരിച്ചറിയിൽ കാർഡ് നൽകേണ്ടതാണ്.

8. <u>ക്ഷേമനിധി ബോർഡ് രൂപീകരണം</u>.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി "വിനോദസഞ്ചാര മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി ബോർഡ് " എന്ന പേരിൽ ഒരു സമിതി രൂപീകരിക്കാവുന്നതാണ്;

(2) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

(എ) ചെയർമാൻ അല്ലെങ്കിൽ ചെയർപേഴ്സൺ;

(ബി) വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ;

(സി) തൊഴിൽ വകുപ്പ് സെക്രട്ടറി;

(ഡി) കാര്യനിർവ്വഹണത്തിനുള്ള ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ;

(ഇ) പ്രവൃത്തി പരിചയമുള്ള മൂന്ന് തൊഴിലാളി പ്രതിനിധികൾ;

(എഫ്) സർക്കാർ നോമിനേറ്റ് ചെയ്യുന്ന നാല് പ്രതിനിധികൾ;

(ജി) കെ.റ്റി.ഡി.സി.-യുടെ ഒരു പ്രതിനിധി;

(എച്ച്) സർക്കാർ നോമിനേറ്റ് ചെയ്യുന്ന നിയമസഭാ സെക്രട്ടേറിയറ്റ്, ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ ഓരോ പ്രതിനിധികൾ.

9. ബോർഡിന്റെ പ്രവർത്തനം.—

(എ) ക്ഷേമനിധി ബോർഡ് അഥവാ സമിതിയുടെ പ്രവർത്തനത്തിന് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ നിയമനം സർക്കാർ ചട്ടപ്രകാരം നടത്തേണ്ടതാണ്;

(ബി) ക്ഷേമനിധി ബോർഡിന് ജില്ലാടിസ്ഥാനത്തിൽ സമിതികൾ രൂപീകരിക്കേണ്ടതാണ്. ജില്ലാ ലേബർ ഓഫീസറുടെ അദ്ധ്യക്ഷതയിൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ, നിർണ്ണയിക്കപ്പെട്ടപ്രകാരമുള്ള സർക്കാർ നോമിനേറ്റ് ചെയ്ത മറ്റംഗങ്ങൾ എന്നിവർ ജില്ലാ സമിതിയിൽ അംഗങ്ങൾ ആയിരിക്കും;

(സി) ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ജില്ലാടിസ്ഥാനത്തിൽ ഉത്ഭവിക്കാൻ സാദ്ധ്യതയുള്ള തർക്കങ്ങളും പ്രശ്നങ്ങളും ഈ സമിതി പരിഹരിക്കേണ്ടതാണ്;

(ഡി) സംസ്ഥാന ക്ഷേമനിധി ബോർഡ് ആയിരിക്കും പ്രസ്തുത സമിതിയുടെ അപ്പലേറ്റ് അതോറിറ്റി.

10. ബോർഡിന്റെ കർത്തവ്യങ്ങൾ.—(എ) വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്ന അംഗങ്ങളായ തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും വിദ്യാഭ്യാസം, വിവാഹം, ആരോഗ്യപരിരക്ഷ, മരണാനന്തര സഹായം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുക;

(ബി) തൊഴിൽ മേഖലയിൽ എല്ലാ അംഗങ്ങൾക്കും നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക;

(സി) തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുക;

(ഡി) ക്ഷേമനിധിയുടെ പ്രവർത്തനത്തിന് സഹായകരമല്ലാത്ത നിലപാടുകൾ എവിടെ നിന്നുണ്ടായാലും അതിൽ ഇടപെടുവാനും നിയമപരമായ പരിഹാരം കാണുവാനും എല്ലാ അധികാരവും അവകാശവും ക്ഷേമനിധി ബോർഡിന് ഉണ്ടായിരിക്കുന്നതാണ്. ഇക്കാര്യത്തിലുള്ള ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും;

(ഇ) അംഗങ്ങളായ തൊഴിലാളികളുടെ പെൻഷൻ, മക്കളുടെ വിദ്യാഭ്യാസം, വിവാഹം, കുടുംബാംഗങ്ങളുടെ ആരോഗ്യപരിരക്ഷ എന്നിവയ്ക്ക് മുൻഗണന നൽകി അവതരിപ്പിക്കുന്ന ക്ഷേമപദ്ധതികൾ നടപ്പിലാക്കുക;

(എഫ്) തൊഴിലാളികളായി പ്രവർത്തിക്കുന്നവരിൽ നിന്നുള്ള അംശദായം, സർക്കാർ നിശ്ചയിക്കുന്ന പ്രകാരം സ്വരൂപിക്കുന്ന ക്ഷേമനിധി ഫണ്ട്, മറ്റ് സാമ്പത്തിക വരുമാന മാർഗ്ഗങ്ങൾ എന്നിവയിലൂടെയായിരിക്കണം ക്ഷേമനിധി ബോർഡിന്റെ കാലാകാലങ്ങളിലുള്ള പ്രവർത്തനം നടത്തേണ്ടത്;

(ജി) ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് മറ്റ് വരുമാന മാർഗ്ഗങ്ങൾ ഉണ്ടാകാൻ പാടില്ലാത്തതാണ്.

(എച്ച്) ക്ഷേമനിധിയിൽ അംഗത്വമുള്ളവർക്ക് മറ്റൊരു ക്ഷേമനിധിയിൽ അംഗത്വമെടുക്കാനോ, അംഗത്വമുണ്ടാകാനോ പാടുള്ളതല്ല.

11. <u>അംഗങ്ങൾക്കുള്ള സാമ്പത്തിക സഹായവും, മറ്റ് ആനുകൂല്യങ്ങളും.</u>—

(എ) പെൻഷൻ:—കുറഞ്ഞത് മൂന്ന് വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന്, അറുപത് വയസ്സ് തികയുന്ന മുറയ്ക്ക് പ്രതിമാസം പതിനായിരം രൂപ ക്ഷേമനിധിയിൽ നിന്നും ലഭിക്കുന്നതാണ്;

(ബി) അവശത പെൻഷൻ:—കുറഞ്ഞത് മൂന്ന് വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന്, സ്ഥിരമായി ശാരീരിക അവശതമൂലമോ അംഗവൈകല്യം മൂലമോ ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥ വന്നാൽ പ്രതിമാസം അയ്യായിരം രൂപ ക്ഷേമനിധിയിൽനിന്നും ലഭിക്കുന്നതാണ്;

(സി) പ്രസവാനുകൂല്യം:—അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയാകുന്ന വനിതാ അംഗത്തിന്, പ്രസവ ധനസഹായവുമായി പതിനായിരം രൂപ ക്ഷേമനിധിയിൽ നിന്നും ലഭിക്കുന്നതാണ്;

(ഡി) വിവാഹാനുകൂല്യം:—കുറഞ്ഞത് മൂന്ന് വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും, സ്ത്രീ അംഗങ്ങളുടെയും വിവാഹ ചെലവിനായി ഇരുപതിനായിരം രൂപ ക്ഷേമനിധിയിൽ നിന്നും ലഭിക്കുന്നതാണ്;

(ഇ) ചികിത്സാ സഹായം:—ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അംഗത്വകാലാവധി ഒരു വർഷമെങ്കിലും പൂർത്തിയാകുമ്പോൾ അംഗത്തിന് ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് പരമാവധി അൻപതിനായിരം രൂപ വരെ ലഭിക്കുന്നതാണ്;

(എഫ്) മരണാനന്തര സഹായം:—അംഗത്വമെടുത്ത് ഒരു വർഷം കഴിയുന്ന ഒരംഗം അസുഖംമൂലമോ അപകടംമൂലമോ മരണപ്പെട്ടാൽ കുടുംബാംഗങ്ങൾക്ക് മരണാനന്തര സഹായമായി രണ്ട് ലക്ഷം രൂപ ലഭിക്കുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് വിവിധ ഇടങ്ങളിലായി ലക്ഷക്കണക്കിന് സ്ത്രീപുരുഷന്മാർ ജോലി ചെയ്യുന്നുണ്ട്. പലർക്കും ലഭിക്കുന്നതായ തുച്ഛവേതനം കൊണ്ട് ജീവിതച്ചെലവും കുട്ടികളുടെ വിദ്യാഭ്യാസവും മറ്റ് ആരോഗ്യസംരക്ഷണ ചെലവുകളും നടത്തിക്കൊണ്ടുപോകുവാൻ ബുദ്ധിമുട്ടുകയാണ്. നമ്മുടെ നാട്ടിലെ പൗരന്മാർ എന്ന നിലയിൽ അവർക്ക് അന്തസ്സായും ആത്മാഭിമാനത്തോടെയും ജീവിക്കുവാൻ അവസരം ഉണ്ടാകേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുവാനായി ഒരു ക്ഷേമനിധി രൂപീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച്, ക്ഷേമനിധി ബോർഡ് നിലവിൽ വരികയും പ്രവർത്തനക്ഷമമാകുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് എത്രമാത്രം സാമ്പത്തിക ബാദ്ധ്യത വരും എന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എന്നിരുന്നാലും പ്രാരംഭ നടപടികൾക്കായി ഇരുപത്തി അഞ്ച് ലക്ഷം രൂപ സഞ്ചിതനിധിയിൽ നിന്നും ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് പ്രകാരം ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതാകുന്നു. ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണ കാര്യങ്ങളെ സംബന്ധിക്കുന്നതോ ആയതിനാൽ സാധാരണ സ്വഭാവത്തിലുള്ളതാണ്.

സജീവ് ജോസഫ്, എം.എൽ.എ.